# ലണ്ടൻകാരുടെ ഇഷ്ടഭക്ഷണം

## കുസുമം ചേച്ചിയുടെ ലണ്ടൻ യാത്ര തുടരുന്നു



ഇനി അൽപ്പം ലണ്ടനിലെ തീറ്റക്കാര്യം പറയാം. കൊതിയൂറരുത് കേട്ടോ. നമ്മുടെ സാധാരണ ഭക്ഷണം ഏതാണെന്നു ചോദിച്ചാൽ നിങ്ങളുടനെ പറയും, ചോറും കറിയുമാണെന്ന്. അതേപോലെ ലണ്ടൻകാരുടെ സർവസാധാരണമായ ഭക്ഷണം 'ഫിഷ് ആൻറ് ചിപ്പ്സ്' ആണ്. എന്നു പറഞ്ഞാൽ മീനും ചിപ്പ്സും എന്നാണ്. നിങ്ങൾക്കതിശയം തോന്നുന്നോ.. അതിശയിക്കേണ്ട കാര്യമേയില്ല. ഹോട്ടലുകളുടെയെല്ലാം വാതുക്കൽ വലിയ പടവും കൊടുത്ത് എഴുതിവെച്ചിരിക്കുന്നതിതാണ്. 'ഫിഷ് ആൻറ് ചിപ്പ്സ് അവയിലബി ൾ' എന്ന്.

എന്നു പറഞ്ഞാൽ ഇവിടെ ഫിഷും ചിപ്പ്സും കിട്ടും എന്ന്. എന്താണേലും അവിടെ പോയതല്ലെ. ഈ സാധനം എന്താണെന്നറിയണമല്ലോ. എന്നു വിചാരിച്ച് ഒരു ഹോട്ടലിൽ ചെന്ന് ഞങ്ങൾ ഓർഡർ കൊടു



ത്തു. എല്ലാവർക്കും ഓരോ
പ്ലെയിറ്റ് ഫിഷ് ആൻറ്
ചിപ്പ്സ്. നല്ല ഭംഗിയു
ള്ള പ്ലെയിറ്റിൽ നിറ
യെ സാധനം കൊണ്ടു
വെച്ചു. മഞ്ഞ കളറാണ്.
വലിയ ഒരു ഏത്തയ്
ക്കാ അപ്പത്തിന്റെ ആകൃ
തിയിൽ, അതുപോലെ
തന്നെ തോന്നിക്കുന്ന,
ഒരു മീൻ പൊരിച്ചതും
അതിന്റെ കൂടെ ദാ ആ
പടത്തിൽകാണുന്നതുപോലെ
കുറെ ഉരുളക്കിഴങ്ങ്, വിരലിന്റെ
ആകൃതിയിൽ നീളത്തിൽ വറു
ത്തു കോരിയതും. മീൻ മൈദാമാ
വും വേറെ കുറച്ചു മസാലകളും
ചേർന്ന മിശ്രിതത്തിൽ മുക്കിപ്പൊ
രിച്ചതാണ്. അതു കൊണ്ടു വെച്ച
പ്പോൾതന്നെ വായിൽ കൊതി
യൂറി. കാരണം, അരികിൽ
സോസും ഒഴിച്ച് വെച്ചിരി
ക്കുന്നു. അത് കണ്ടാൽ
ആർക്കും വായിൽ വെ
ള്ളമൂറും എന്നത് ഒരു സ
ത്യമാണ്. തിന്നാൻ നല്ല
രുചിയായിരുന്നു. ലണ്ടനി
ൽ ഉള്ളവർ പച്ചക്കറി സാ
ലഡും ധാരാളം കഴിക്കുന്ന
കൂട്ടത്തിലാണ്. നാരടങ്ങിയ
ഭക്ഷണത്തിന് വളരെ പ്രാ
ധാന്യം കൊടുക്കുന്നവരാണ് അ
വർ.

ഒരുദിവസം ലണ്ടനിലെ പ്രധാ
ന മാർക്കറ്റായ ബോറോ മാർക്ക
റ്റിലേക്കാണ് പോയത്. ശരിക്കും
പറഞ്ഞാൽ ഉപ്പുതൊട്ടു കർപ്പൂ
രംവരെ എന്നു പറയും പോലെ
എല്ലാ സാധനങ്ങളും അവിടെ



കിട്ടും. എനിക്കു ഏറ്റവും രസക
രമായി തോന്നിയത് അതിനക
ത്തെ മീൻ മാർക്കറ്റാണ്. മീനിനെ
പലതായി തിരിച്ച്, ഐസിൽ പൊ
തിഞ്ഞ്, ചുറ്റിനും പൂവൊക്കെ വെച്ച്
അലങ്കരിച്ചു വെച്ചിരിക്കുന്ന കാ
ഴ്ച ഒന്നു



കാണേണ്ടതു തന്നെയാണ്. അതാ
ഈ താളിലെ ചിത്രം നോക്കുക.

അവിടെ അവർ പച്ച ഇറച്ചി
മാസങ്ങളോളം ഉപ്പിട്ടു വെച്ചിട്ട്
നമ്മൾ ഉപ്പുമാങ്ങ കഴിക്കുന്ന
തുപോലെ കഴിക്കും എന്നുപറ
ഞ്ഞാൽ നിങ്ങൾ വിശ്വസിക്കു
മോ?



അതാ ആ പടം നോക്കുക. ഉപ്പിട്ട് വെച്ചിരുന്ന ഇറച്ചിയാണ് കെട്ടിതൂക്കി ഇട്ടിരിക്കുന്നത്. വിലയ്ക്കു ചോദിക്കുമ്പോൾ അത് ശർക്കരചീകുന്നതുപോലെ മൂർച്ചയുള്ള കത്തിവെച്ച് ചീകിത്തരും, അതിന്റെ കൂടെ പച്ചക്കറി സാലഡും കാണും. അവിടെ നിന്നു തന്നെ തിന്നാം. ഈ ഉപ്പിട്ട ഇറച്ചിക്ക് അവർ പറയുന്നത് സീസൺ ചെയ്ത ഇറച്ചി എന്നാണ്. അതേപോലെ തന്നെയാണ് വലിയ പാത്രത്തിൽ പലതരത്തിലുള്ള ഇറച്ചിക്കറികളും വെച്ചിരിക്കുന്നത്. അവിടെ എല്ലാം സ്വാദു നോക്കാൻ കോരി തരും.

പിന്നെ എന്നെ ഏറ്റവും കൂടുതൽ ആകർഷിച്ചത് ഒട്ടകപ്പക്ഷിയുടെ മുട്ടയാണ്. എത്ര വലുപ്പത്തിലുള്ള മുട്ടയാണെന്നോ. അതാ ആ പടമൊന്നു നോക്കിക്കേ.



അങ്ങിനെ പാകം ചെയ്തതും പാകം ചെയ്യാത്തതും ആയ പലതരം ഇറച്ചി, മീൻ. പിന്നെ ചെടികളും പൂക്കളും എന്നുവേണ്ട എല്ലാ സാധനങ്ങളും അവിടെ വാങ്ങാൻ കിട്ടും. ഉള്ളതു പറയാമല്ലോ ബോറോ മാർക്കറ്റ് ചുറ്റിക്കറങ്ങണമെങ്കിലൊരു ദിവസം പൂർണ്ണമായും വേണം. നമ്മുടെ നാട്ടിലെ ഒരു ചന്ത പോലെ തന്നെ. പക്ഷേ, വലിപ്പത്തിൽ അതിനേക്കാൾ എത്രയോ ഇരട്ടിയെന്നു മാത്രം.

കുസുമം